**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2581** **15-10-2024 - ൽ മറുപടിയ്ക്ക്**

**എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ള എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | 2023-24 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ എരുമേലി മാസ്റ്റർപ്ലാനിനുവേണ്ടി 10 കോടി രൂപ അധികമായി വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. തുടർന്ന് എരുമേലി മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06/06/2023-ന് യോഗം ചേരുകയും എരുമേലി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റ് സ്ഥാപനത്തെ കണ്ടെത്തുന്നതിന് താല്പര്യപത്രം ക്ഷണിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താല്പര്യപത്രം ക്ഷണിച്ചതിൽ M/s Capital Engineering Consultancy Private Limited എന്ന സ്ഥാപനം ക്വട്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ